# ദൈവം ഒരു മനുഷ്യനെ ശുശ്രൂഷയ്ക്കുവേണ്ടി ഒരുക്കുന്നതെങ്ങനെ

സാക് പുന്നൻ

WFTW 25 സെപ്റ്റംബർ 2016

പൗലൊസ് തൻറെ ജീവിതത്തിൻറെ അവസാനത്തോടടുത്ത് അധികം ഊന്നൽ കൊടുത്ത പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഉണ്ട്. 'എൻറെ മാതൃക നോക്കുക', അദ്ദേഹം പറയുന്നു, 'ഞാൻ ജീവിച്ചത് എങ്ങനെയാണെന്ന് കാണുക'. ഇതാണ് അദ്ദേഹം തിമൊഥെയോസിനോട് ആവർത്തിച്ചു പറയുന്നത്. 'എനിക്ക് ശക്തി നൽകിയ ക്രസ്തു യേശു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷക്ക് ആക്കിയതുകൊണ്ട് ഞാൻ അവിടുത്തെ സ്തുതിക്കുന്നു. (1 തിമൊഥെയൊസ് 1: 12)

ദൈവം തൻറെ പരമാധികാരത്തിലാണ് ആളുകളെ തൻറെ ശുശ്രൂഷയ്ക്കായി വിളിക്കുന്നതെങ്കിലും, താൻ അവരെ ശുശ്രൂഷയ്ക്ക് ആക്കുന്നതിന് മുമ്പ് അവിടുന്ന് അവരെ ശോധന ചെയ്യുന്നു. പൗലൊസ് 10 വർഷക്കാലം ശോധന ചെയ്യപ്പെട്ടു (പ്രവൃത്തി 9 ൽ താൻ മാനസാന്തരപ്പെടുന്നതു മുതൽ പ്രവൃത്തി 13 ൽ താൻ ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെടുന്നതുവരെ) ആ 10 വർഷങ്ങളിൽ പൗലൊസിന് എന്താണ് സംഭവിച്ചുകൊണ്ടിരുന്നത് ? പൗലൊസ് തൻറെ ദൈനംദിന ജീവിതത്തിൽ ഒരു ക്രിസ്ത്യാനി എന്ന നിലയിൽ വിശ്വസ്തനാണോ എന്ന് ദൈവം ശ്രദ്ധയോടെ നോക്കികൊണ്ടിരിക്കുകയായിരുന്നു. 10 വർഷങ്ങളായിട്ട് ദൈവം അവനെ പരിശോധിച്ചതിനു ശേഷം അവൻറെ വിശ്വസ്തത കണ്ടപ്പോൾ, അവിടുന്ന് പറഞ്ഞു ഇനി ഞാൻ നിന്നെ എന്നെ സേവിക്കാനായി അയയ്ക്കും.

ദൈവം നിങ്ങളെ വിളിക്കുമെങ്കിൽ അവിടുന്ന് ആദ്യം നിങ്ങളെ പരിശോധിക്കും. എനിക്കുവേണ്ടി അവിടുത്തെ പക്കലുണ്ടായിരുന്ന ആ ശുശ്രൂഷ പുതിയ ഉടമ്പടി സഭകൾ പണിയുക എന്നത് എനിക്കുവേണ്ടി തുറന്നു തരുന്നതിന് മുമ്പ് 16 വർഷങ്ങളോളം ദൈവം എന്നെ ശോധന ചെയ്തത് എനിക്കറിയാം (അതിൽ 9 വർഷങ്ങൾ പൂർണ്ണ സമയ ക്രിസ്തീയ പ്രവർത്തനമാണ്). നിങ്ങൾ ക്രിസ്തീയ വേലയ്ക്കായി ഇറങ്ങി പുറപ്പെട്ട ഉടനെ, നിങ്ങൾക്ക് അഭിഷേകം ചെയ്യപ്പെട്ട ഒരു ശുശ്രൂഷ ഉണ്ടാകുമെന്ന് നിങ്ങൾ സങ്കല്പിക്കരുത്. നിങ്ങൾ ചെറിയ കാര്യങ്ങളിൽ വിശ്വസ്തനാണോ എന്നറിയാൻ ദൈവം നിങ്ങളെ പരിശോധിക്കും.നിങ്ങൾ ചെറിയ കാര്യങ്ങളിൻ വിശ്വസ്തനാണെങ്കിൽ, ദൈവ വചനം പഠിക്കുന്നതിൽ വിശ്വസ്തൻ,പണത്തിൻറ കാര്യത്തിൽ വിശ്വസ്തൻ, സമയത്തിൻറെ കാര്യത്തിൽ വിശ്വസ്തൻ, നിർമ്മലതയിൽ വിശ്വസ്തൻ, നേരുള്ളവൻ, സത്യസന്ധൻ, ദൈവം നിങ്ങളുടെ മേൽ ആക്കി വച്ചിരിക്കുന്ന അധികാരികൾക്കു കീഴിൽ നിങ്ങളെ തന്നെ താഴ്ത്തുന്നവൻ ഒക്കെ ആണെങ്കിൽ, അപ്പോൾ ചിലപ്പോൾ 10 വർഷങ്ങൾക്കുശേഷം, അവിടുന്നു നിങ്ങളെ ഒരു ഫലപ്രദമായ ശുശ്രൂഷയിൽ ആക്കും. ദൈവം തന്നെ നിങ്ങളെ ഒരു
ശുശ്രൂഷയിൽ ആക്കുമ്പോൾ നിങ്ങളുടെ സ്വന്തം ആശയപ്രകാരം 30 വർഷങ്ങൾ കൊണ്ടുചെയ്യുന്നതിനേക്കൾ അധികം ശുശ്രൂഷ ഒരു വർഷം കൊണ്ട് നിങ്ങൾ ചെയ്യും. പൗലൊസ് പറയുന്നു 'അവിടുന്ന് (ക്രിസ്തു) എന്നെ ശുശ്രൂഷക്ക് ആക്കി' (1 തിമൊഥെയൊസ് 1:12 ) പൗലൊസിനെ നിയോഗിച്ചത് ഏതെങ്കിലും ഒരു മനുഷ്യനായിരുന്നില്ല 'മുൻപെ ഞാൻ ദൂഷകനും, ഉപദ്രവിയും, നിഷ്ഠൂരനും ആയിരുന്നു. എങ്കിലും' (1 തിമൊ 1:13)

ഒരിക്കൽ ദുഷ്ടനായിരുന്ന, പിന്നീട് രക്ഷിക്കപ്പെട്ട പാപികളെ ദൈവം ശുശ്രൂശയ്ക്ക് ആക്കാറുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ദുഷ്ട ജീവിതം ജീവിച്ചിട്ടുള്ള എല്ലാവർക്കും ഇത് ഒരു പ്രോത്സാഹനമാണ്. രണ്ടാം നൂറ്റാണ്ടിൽ ലഭിച്ച ലിഖിതങ്ങളിൽ ഒന്നിൽ, അതിൻറെ എഴുത്തുകാരൻ പറയുന്നു., യേശു ക്രിസ്തു വന്നത് നീതിമാന്മാരെ വിളിക്കുവാനല്ല എന്നാൽ

പാപികളെ മാനസാന്തരത്തിലേക്ക് കൊണ്ടുവരുവാനാണ് എന്നു കാണിക്കുവാൻ വേണ്ടി, അവിടുന്ന് തൻറെ ജീവിത കാലത്തുണ്ടായിരുന്ന ഏറ്റവും മോശമായ പാപികളിൽ ചിലരെ അപ്പൊസ്തലന്മാരാക്കാൻ വേണ്ടി തിരഞ്ഞെടുത്തു .പൗലൊസ് അതിലൊരാളായിരുന്നു. 'ക്രിസ്തു യേശു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു ആ പാപികളിൽ ഞാൻ ഒന്നാമൻ'(1 തീമൊഥെയോസ് 1:15)

അതുകൊണ്ട് ദൈവം ദൈവഭയമുള്ള ഭവനങ്ങളിൽ വളർത്തപ്പെട്ടവരേയും എപ്പോഴും വെടിപ്പുള്ള ജീവിതം നയിച്ചിട്ടുള്ളവരേയും അനിവാര്യമായി തിരഞ്ഞെടുക്കുന്നില്ല. അങ്ങനെയുള്ള അനേകരെ അവിടുന്ന് ഉപയോഗിക്കുന്നുണ്ട്. എന്നാൽ പാപത്തിൻറെ ആഴത്തിൽ ജീവിച്ചിട്ടുള്ളവരേയും അവിടുന്ന് തെരഞ്ഞെടുക്കുന്നു. വ്യഭിചാരികൾ, മോഷ്ടാക്കൾ, മദ്യപന്മാർ, മയക്കുമരുന്നിന് അടിമപ്പെട്ടവർ തുടങ്ങിയവരെ അവിടുന്ന് തെരഞ്ഞെടുത്ത് അവരെ അപ്പൊസ്തലന്മാരാക്കുന്നു, ഒരുവൻറെ മാനസാന്തരപ്പെടാത്ത ജീവിത കാലത്തുണ്ടായിരുന്ന പാപങ്ങൾ ആരെയും ഒരു അപ്പോസ്തലനായി തീരുന്നതിൽ നിന്ന് അയോഗ്യരായിരുന്നു എന്നു തെളിയിക്കാനാണ് ഇതു ചെയ്യുന്നത്. ഏറ്റവും വലിയ പാപികളിൽ ഒരാളായിരുന്ന പൗലൊസ്, ഏറ്റവും വലിയ അപ്പൊസ്തലനായി തീർന്നു. നിങ്ങൾ നിങ്ങളുടെ പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെടുകയും നിങ്ങൾ ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യുമെങ്കിൽ, ദൈവത്തിന് നിങ്ങളിൽ ആരിലൂടെയും ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയും.